**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5470** **05-07-2024 - ൽ മറുപടിയ്ക്ക്**

**റോഡ് അപകടങ്ങൾ കുറക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് അപകടങ്ങൾ വർദ്ധിച്ചു വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം കാരണങ്ങളാലാണ് റോഡ് അപകടങ്ങൾ വർദ്ധിച്ചു വരുന്നതെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മോട്ടോർ വാഹന വകുപ്പ്, റോഡപകട ങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിശ കലനം ചെയ്ത് സംസ്ഥാനത്തെ അപ കടങ്ങൾ ആവർത്തിക്കുന്ന റോഡുകള െ 317 ക്ലസ്റ്ററുകളായി(ഹൈറിസ്ക്--872 Nos, മോഡറേറ്റ് റിസ്ക് 821 Nos ലോ റിസ്ക്--1424 Nos) ഗൂഗിൾ മാപ്പിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗൂഗിൾ മാപ്പ് ഉപയോഗിച്ച് യാത്ര ചെയ്യുമ്പോൾ പതിവായി റോഡപകട ങ്ങൾ സംഭവിക്കുന്ന ക്ലസ്റ്ററുകൾ സം ബന്ധിച്ച വിവരം തത്സമയം ലഭിക്കുന്നതാണ്.<br><br>ജില്ലാറോഡ് സുരക്ഷ കൺസിൽ യോഗങ്ങൾ ചേരുന്ന അവസരങ്ങളിൽ റോഡിന്റെ ചുമതലയുള്ള വകുപ്പ് / ഏജൻസി എന്നിവയ്ക്ക് ഇത്തരം അപകടങ്ങൾ കൂടുതലായി ആവർത്തിക്കുന്ന ക്ലസ്റ്ററുകളിൽ സുരക്ഷാമുന്നറിയിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ മോട്ടോർ വാഹന വകുപ്പ് കൈമാറിയിട്ടുണ്ട്. ഹർജികൾ സംബന്ധിച്ച സമിതി (2021 - 20 23) നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചേർത്തല -- വാളയാർ ദേശീയ പാതയിൽ ലെയിൻ ട്രാഫിക് ബോർഡുകൾ വിവിധ സ്ഥാപനങ്ങളുടെ C S R ഫണ്ട് ഉപയോഗിപ്പെടുത്തി സ്ഥാപിക്കുന്നതിന് കേരള ഗ്രാമ വികസന സാനിറ്റേഷൻ സൊസൈറ്റി തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി ചെയ്യുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയതിൽ പ്രകാരം വാളയാർ മുതൽ ചേർത്തല വരെയുള്ള ദേശീയ പാതയിൽ 2 ലെയിൻ ട്രാഫിക് ബോർഡുകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ പാതയിൽ കൂടുതൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിൽ സുരക്ഷാ മുന്നറിയിപ്പുകൾ സ്ഥാപിക്കുന്നതിന്റെ ചുമതല PWD, NHAI തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിക്ഷിപ്തമാണ്. |
| (സി) | അതിന്റെ അടിസ്ഥാനത്തിൽ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കുമോ? | (സി) | പതിവായി റോഡപകടങ്ങൾ സംഭവി ക്കുന്ന പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തമാക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ഒരു താലൂക്കിൽ 8 മണിക്കൂർ മാത്രം പ്രവർത്തിക്കാവുന്ന ഒരു സ്ക്വാഡിനെയാണ് എം.വി.ഡി. നിയമിച്ചിട്ടുള്ളത്. 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്ര വർത്തനങ്ങൾ നടത്തുന്നതിയായി 500 -ൽപരം ഉദ്യോഗസ്ഥരെ കൂടി നിയമിക്കണമെന്ന് സർക്കാരിലേക്ക് ശിപാർശ നൽകിയിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷ കൗൺസിൽ യോഗങ്ങൾ ചേരുന്ന അവസരങ്ങളിൽ ഇത്തരം ഭാഗങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചുള്ള മോട്ടോർ വാഹന വകുപ്പിന്റെ ശിപാർശ നൽകാറുണ്ട്. പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ പ്രാഥമികമായ റോഡ് സേഫ്റ്റി ആഡിറ്റ് നടത്തി കുറവുകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട എജൻസികളെ അറിയിക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ